"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

കേരളീയ പ്രവാസികാര്യ വകുപ്പ് - കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ പ്രവാസികൾക്ക് വിദേശ രാജ്യങ്ങളിലേയ്ക്ക് ജീവൻരക്ഷാ മരുന്നുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്**

G.O.(Rt)No.234/2020/NORKA തീയതി,തിരുവനന്തപുരം, 16/04/2020

---

പരാമർശം:- നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 13.04.2020-ലെ 1641/എ.ഡി/2020/റൂട്ട്സ് - നമ്പർ കത്ത്.

## ഉത്തരവ്

കോവിഡ്-19 ന്റെ വ്യാപനത്തെ തുടർന്ന് ലോകത്തെമ്പാടുമുള്ള പ്രവാസികൾ കടുത്ത പ്രതിസന്ധിയിലും ആശങ്കയിലുമാണ്. നിലവിൽ കൊറോണ വൈറസ് വിദേശരാജ്യങ്ങളിൽ കൂടുതലായി പടർന്ന് പിടിക്കുന്നതായി റിപ്പോർട്ടുകൾ വരുന്നു. പ്രവാസി മലയാളികൾ നിലവിൽ വിവിധ അസുഖങ്ങൾക്ക് ചികിത്സ തേടി വരുന്നവരാണ്. ഇവർക്ക് ആവശ്യമായ മരുന്നോ, ചികിത്സയോ നിലവിലെ സാഹചര്യത്തിൽ ലഭിക്കുന്നില്ല. ജീവൻരക്ഷാ മരുന്നുകൾക്കുള്ള അപര്യാപ്തത പരിഹരിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് പ്രവാസികൾ ഇതിനോടകം തന്നെ വിവിധ മാർഗ്ഗേണ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് അടിയന്തിരമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചു. ലോകത്തെമ്പാടുമുള്ള പ്രവാസികളായ മലയാളികൾക്ക് അവരുടെ ജീവൻരക്ഷാ മരുന്നുകൾ നാട്ടിൽ നിന്നും ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പ്രവാസികൾക്ക് അവശ്യം വേണ്ടുന്ന ജീവൻരക്ഷാ മരുന്നുകൾ പ്രവാസികളുടെ ബന്ധുക്കൾ കൊച്ചിയിലുള്ള സെൻട്രൽ കസ്റ്റംസ് ഡ്രഗ്സ് ഇൻസ്പെക്ടറിൽ നിന്നും നേരിട്ടോ, tod.cochin@nic.in എന്ന ഇ-മെയിൽ മുഖാന്തിരമോ താഴെ പറയുന്ന രേഖകൾ സമർപ്പിച്ച് നിരാക്ഷേപ പത്രം (NOC) വാങ്ങേണ്ടതാണ്.
    a) ID proof of the sender.
    b) Prescription from the Doctor.
    c) Purchase bill of medicine.
    d) Photo of medicine.
    e) NOC request
2. കസ്റ്റംസ് ഡ്രഗ്സ് ഇൻസ്പെക്ടറിൽ നിന്നും ലഭിച്ച നിരാക്ഷേപ പത്രം (NOC) സഹിതം അസുഖബാധിതനായ പ്രവാസിയ്ക്ക് അവശ്യം വേണ്ടുന്ന ജീവൻരക്ഷാ മരുന്നുകൾ പ്രവാസിയുടെ ബന്ധു റവന്യൂ വകുപ്പിലോ, ജില്ലാ മെഡിക്കൽ ഓഫീസിലോ, പോലീസ് വകുപ്പിലോ ഏൽപ്പിക്കേണ്ടതാണ്. മരുന്നുകൾ ശേഖരിക്കുന്നതിന് വോളന്റിയർമാരുടെ സേവനം റവന്യൂ വകുപ്പും, പോലീസ് വകുപ്പും ഉറപ്പുവരുത്തേണ്ടതാണ്.

3. റവന്യൂ വകുപ്പ് മുഖേനയോ, ജില്ലാ മെഡിക്കൽ ഓഫീസ് മുഖേനയോ, പോലീസ് വകുപ്പ് മുഖേനയോ ലഭിക്കുന്ന മരുന്നുകൾ ആഴ്ചയിൽ ഒരിക്കൽ നോർക്ക-റൂട്ട്സ് ശേഖരിച്ച കാർഗോ വഴി ബന്ധപ്പെട്ട പ്രവാസിയ്ക്ക് ലഭ്യമാക്കുന്നതാണ്.
4. ഒരു ഗ്രാം മുതൽ അഞ്ച് കിലോഗ്രാം വരെ മരുന്നുകൾ അയക്കുന്നതിന് ഏകദേശം 7500 രൂപ ചെലവ് വരും എന്ന് കണക്കാക്കുന്നു. അതിൽ ഏകദേശം 4500 രൂപ നാട്ടിൽ ചെലവാകുന്ന തുകയാണ്. ഈ തുക ബന്ധപ്പെട്ട വ്യക്തികൾ തന്നെ വഹിക്കേണ്ടതാണ്.
5. കാർഗോ വഴി വിദേശ രാജ്യങ്ങളിൽ എത്തുന്ന മരുന്ന് പ്രവാസി എയർപോർട്ടിൽ നിന്നും സ്വന്തം ചെലവിൽ കൈപ്പറ്റേണ്ടതാണ്.
6. അടിയന്തിര സ്വഭാവമുള്ള ഏതെല്ലാം രോഗങ്ങൾക്ക് ഏതേത് മരുന്നുകൾ അയച്ചു കൊടുക്കണം എന്നത് ആരോഗ്യവകുപ്പ് നിശ്ചയിക്കേണ്ടതാണ്.
7. Drug Control Department-ലെ ഒരു ഉദ്യോഗസ്ഥന്റെ സേവനം നോർക്ക സെന്ററിലേയ്ക്ക് താത്കാലികമായി വിട്ട് നൽകേണ്ടതാണ്. ആയതിന് ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ടി മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടായിരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JANARDHANAN K
JOINT SECRETARY

(1) സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
(2) ടെക്നിക്കൽ ഓഫീസർ, സീ പോർട്ട് ഓഫീസ് (കൊച്ചി), റൂം നമ്പർ.15, കസ്റ്റം ഹൗസ്, വെല്ലിംങ്ഡൺ ഐലന്റ്, കൊച്ചി – 682009.
(3) ആരോഗ്യ വകുപ്പ് മേധാവി, തിരുവനന്തപുരം.
(4) ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് മേധാവി, തിരുവനന്തപുരം.
(5) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, തിരുവനന്തപുരം.
(6) ഡ്രഗ്സ് കൺട്രോളർ, ഡ്രഗ്സ് കൺട്രോൾ വകുപ്പ്, തിരുവനന്തപുരം.
(7) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും.
(8) എല്ലാ ജില്ലാ കളക്ടർമാർക്കും.
(9) ആഭ്യന്തര വകുപ്പ്.
(10) റവന്യൂ വകുപ്പ്.
(11) ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്.
(12) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്എസ്എ), കേരളം, തിരുവനന്തപുരം.
(13) വിവരവും പൊതുജനസമ്പർക്കവും (വെബ് & ന്യൂമീഡിയ) വകുപ്പ്.
(14) ഓഫീസ് പകർപ്പ് / കരുതൽ പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ് :-

(1) ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
(2) ബഹു.ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
(3) കോ-ഓർഡിനേറ്റർ, വാർ റൂം, സൗത്ത് കോൺഫറൻസ് ഹാൾ, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.